സെഷൻ–1

# ഗ്രാമസഭ/വാർഡ്സഭ

# അധികാരങ്ങൾ, അവകാശങ്ങൾ,

# ഉത്തരവാദിത്തങ്ങൾ

പ്രാദേശിക സർക്കാരുകൾ

ത്രിതല പഞ്ചായത്തുകൾ

നഗരഭരണ സ്ഥാപനങ്ങൾ

എന്ത് കൊണ്ട്?

↓

കേന്ദ്രീകൃതഭരണവ്യവസ്ഥയുടെ പരിമിതികൾ

↓

കാരണം

↓

ജനപങ്കാളിത്തമില്ലായ്മ

↓

ജനപങ്കാളിത്തഭരണം

↓

ഗ്രാമസഭ/വാർഡ്സഭ

# ഗ്രാമസഭ/വാർഡ്സഭ

- ഒരു വാർഡിലെ വോട്ടർമാർ അടങ്ങുന്ന സഭ
- ഭരണഘടനയുടെയും പഞ്ചായത്ത്രാജ് /മുനിസിപ്പാലിറ്റി നിയമത്തിന്റെയും പിൻബലം
- കൺവീനർ- വാർഡ്മെമ്പർ/കൗൺസിലർ
- വോട്ടർമാർക്ക് ഭരണ വികസന കാര്യങ്ങളിൽ നേരിട്ട് ഇടപെടാനുള്ള വേദി

# അധികാരാവകാശങ്ങൾ

- വികസന പരിപാടികൾ എന്ത് വേണം
- പൊതുപദ്ധതികൾ എവിടെ വേണം
  - പദ്ധതി ആസൂത്രണ ഗ്രാമസഭ/വാർഡ്സഭാ യോഗങ്ങളിൽ തീരുമാനിക്കണം
- വികസന–ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമസഭ/വാർഡ്സഭ തിരഞ്ഞെടുക്കണം
- ഫണ്ട ുകളുടെയും വരവ്–ചെലവ് കണക്കുകളുടേയും വിവരങ്ങൾ ഗ്രാമസഭ/വാർഡ്സഭായിൽ അച്ചടിച്ചു നൽകണം
- ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭ/വാർഡ്സഭയിൽ വയ്ക്കണം

## അധികാരാവകാശങ്ങൾ........

- വാർഡിൽ നടക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റും സാധനസാമഗ്രികളുടെ വിശദാംശങ്ങളും ലഭ്യമാക്കണം
- ക്ഷേമപെൻശൻ മറ്റ് ക്ഷേമ-വികസന പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നവർ എന്നിവരുടെ പേര് വിവരം ലഭ്യമാക്കണം
- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും നിർദ്ദേശങ്ങൾ നൽകാനും അധികാരം
- വാർഡ് ജനപ്രതിനിധിയുടേയും ഉദ്യോഗസ്ഥരുടേയും പ്രവർത്തനങ്ങൾ വിലയിരുത്താനും പ്രവർത്തനങ്ങൾ വിലയിരുത്താനും നിർദ്ദേശം നൽകാനും അധികാരം

അധികാരാവകാശങ്ങൾ........

- സോഷ്യൽ ഓഡിറ്റ് നടത്താം
  – സോഷ്യൽ ഓഡിറ്റ് ടീമിനെ നിയോഗിക്കണം
- സബ്കമ്മിറ്റികൾ രൂപീകരിക്കണം
- പ്രമേയങ്ങൾ പാസ്സാക്കാം

ഗ്രാമസഭാ/വാർഡ്സഭാ തീരുമാനങ്ങൾ നടപ്പിലാക്കണം

# എങ്ങനെ വിനിയോഗിക്കാം?

- ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങൾ
  - 3 മാസത്തിലൊരിക്കൽ ചേരണം
  - എല്ലാ വീട്ടിലും അറിയിക്കണം
  - ക്വാറം - 10 %, മാറ്റിവെച്ചാൽ 50 പേർ
  - കൺവീനർ- മെമ്പർ/കൗൺസിലർ
  - അദ്ധ്യക്ഷൻ- പ്രസിഡന്റ്

വാർഡ് കമ്മിറ്റി- 1 ലക്ഷത്തിൽ കൂടുതൽ ജനസംഖ്യ യുള്ള മുനിസിപ്പാലിറ്റി

## എങ്ങനെ വിനിയോഗിക്കാം?

- ഇനം തിരിച്ചുള്ള അജണ്ട  വേണം
- ചർച്ചയും തീരുമാനങ്ങളും വേണം
- മിനുട്സും തീരുമാനങ്ങളും യോഗസ്ഥലത്ത് വച്ച് എഴുതണം- ചുമതല കോഓർഡിനേറ്ററായ ഉദ്യോഗസഥന്
- തീരുമാനങ്ങൾ എഴുതിയതിന് ചുവടെ പങ്കെടുത്ത വോട്ടർക്ക് ഒപ്പിടാം
- തീരുമാനങ്ങളുടെ പകർപ്പ് ആവശ്യപ്പെടാം

## എങ്ങനെ വിനിയോഗിക്കാം?...........

- 10% വോട്ടർമാർ രേഖാമൂലം ആവശ്യപ്പെട്ടാൽ പ്രത്യേക യോഗം വിളിക്കണം
- തീരുമാനങ്ങൾ നടപ്പാക്കാതിരുന്നാൽ അതിനുള്ള കാരണം അറിയിക്കണം
- യോഗം വിളിച്ചില്ലെങ്കിൽ മെമ്പർക്ക് അയോഗ്യത

# വോട്ടറുടെ ഉത്തരവാദിത്തങ്ങൾ

- ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുക
- വികസന ആവശ്യങ്ങളും വികസന പ്രശ്നങ്ങളും യോഗങ്ങളിൽ ഉന്നയിക്കുക (രേഖാമൂലവും വാക്കാലും)
- ചോദ്യങ്ങൾ ചോദിക്കുക (രേഖാമൂലം, വാക്കാൽ)
- തീരുമാനങ്ങളിൽ പങ്കാളികളാകുക
- തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ പങ്കാളികളാക്കുക

# വോട്ടറുടെ ഉത്തരവാദിത്തങ്ങൾ.........

- തീരുമാനിച്ച കാര്യങ്ങൾ നടപ്പിലാക്കപ്പെടുന്നുണ്ടോ എന്ന പരിശോധിക്കുക
- ഭരണ–വികസന പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുക
- പൗരൻ എന്ന നിലയിൽ സ്വയം ചെയ്യേണ്ടതായ കാര്യങ്ങൾ ചെയ്യുക
- നിയമവിരുദ്ധ – സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ പ്രതികരിക്കുക, പ്രവർത്തിക്കുക